എ.വൈ.ആർ

ദാരിദ്ര്യത്തിന്റെ ചുറ്റുപാടിൽ പണക്കാർ സ്വീകരിക്കേണ്ട ജീവിത നിലവാരം അവരുടെ വർധിച്ച വരുമാനം മാത്രം പരിഗണിച്ചാവരുത്. ചുറ്റിലുമുള്ളവരുടെ ജീവിതാവസ്ഥ കൂടി കണക്കിലെടുത്തുകൊണ്ടാവണം. എളിയ ജീവിത നിലവാരം സ്വീകരിച്ച് ബാക്കിയുള്ളത് കെട്ടിപ്പൂട്ടിവെക്കണ മെന്നല്ല. തങ്ങളുടെ സമ്പത്തിൽ പാവങ്ങൾക്ക് അവകാശ മുണ്ടെന്നോർക്കണം.



وَالَّذِينَ إِذَا أَنْفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا وَكَانَ بَيْنَ ذَٰلِكَ قَوَامًا ﴿٦٧﴾

67. ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്കുകയോ ചെയ്യാതെ രണ്ടിനുമിടയിൽ മിതത്വം പാലിക്കുന്നവരും.

**67**

وَالَّذِينَ إِذَا أَنْفَقُوا لَمْ يُسْرِفُوا وَلَمْ يَقْتُرُوا = ചെലവഴിക്കുമ്പോൾ ധൂർത്തടിക്കാത്തവരും പിശുക്കാത്തവരും (ധൂർത്തടിക്കുകയോ പിശുക്കുകയോ ചെയ്യാതെ)

وَكَانَ بَيْنَ ذَٰلِكَ = അതിന് (രണ്ടിനു)മിടയിൽ ആയ(പാലിക്കുന്ന)വർ قَوَامًا = നേരായ നിലപാട് (മിതത്വം)

പരമകാരുണികനായ അല്ലാഹുവിന്റെ യഥാർഥ ദാസന്മാരുടെ സുപ്രധാനമായ മറ്റൊരു ഗുണം മിതവ്യയ ശീലമാണ്. ജീവിതച്ചെലവുകളിൽ അവർ സൂക്ഷ്മത പാലിക്കും. ന്യായമായ ആവശ്യങ്ങൾക്കേ ചെലവഴിക്കൂ. ആവശ്യം നിറവേറാൻ വേണ്ടതു മാത്രമേ ചെലവഴിക്കൂ. ന്യായമായ ഒരു കാര്യത്തിലും ചെലവഴിക്കാൻ പിശുക്കുകയുമില്ല. പിശുക്കിന്റെയും ധൂർത്തിന്റെയും മധ്യേ സന്തുലിതമായിരിക്കും അവരുടെ സാമ്പത്തിക ജീവിതം. ധൂർത്തിന് اسراف എന്നും ലുബ്ധിന് قتر എന്നും മിതവ്യയത്തിന് قوام എന്നുമാണ് മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. اسراف-ന് അതിക്രമം, ധിക്കാരം എന്നും അർഥമുണ്ട്. സാമ്പത്തികമായ അതിക്രമവും ധിക്കാരവും കൂടി ആയതുകൊണ്ടാണ് ധൂർത്തും اسراف ആയത്. ലുബ്ധിന് സാധാരണ ഉപയോഗിക്കുന്ന പദം بخل ആണ്. സ്വന്തം (കുടുംബത്തിന്റെയും) ചെലവുകളിൽ പോലും പിശുക്കുക എന്ന ആശയവും കൂടി ഉൾക്കൊള്ളുന്നതാണ് قتر അഥവാ تقتير. ഒരു വശത്തേക്കും ചെരിയാതെ നേർക്കുനേരെയുള്ള നിൽപ്പാണ് قوام. സന്തുലിതത്വം, മിതത്വം, മധ്യനില തുടങ്ങിയവ പ്രയോഗാർഥങ്ങളാണ്.

മിതവ്യയ ശീലത്തിന്റെ ആവശ്യകതയും ധൂർത്തിന്റെയും ലുബ്ധിന്റെയും ദോഷങ്ങളും ചെലവുകൾ ധൂർത്തും ലുബ്ധുമാകുന്നതിന്റെ മാനദണ്ഡങ്ങളും നേരത്തെ പല സൂക്തങ്ങളിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതാണ്. ഉദാ: 3:180, 9:141, 17:26-29. പ്രസ്തുത സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* അക്കാര്യങ്ങൾ ചർച്ച ചെയ്തിരിക്കുന്നു. ഇവിടെ പ്രത്യേകം ഓർക്കേണ്ടൊരു കാര്യമുണ്ട്. ഖുർആൻ അധിക സ്ഥലങ്ങളിലും ധൂർത്തും ലുബ്ധും വെടിയാനാണ് കൽപ്പിച്ചിട്ടുള്ളത്. അതു രണ്ടും വെടിയുന്നതിന്റെ അനിവാര്യതയാണ് മിതവ്യയം. എന്നിട്ടും ഇവിടെ മിതവ്യയം- قوام- പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. ഒരാളുടെ ചെലവിലെ ലുബ്ധും ധൂർത്തും കണക്കാക്കുക അയാളുടെ സമ്പത്തും വരുമാനവും പരിഗണിച്ചാണ്. ദരിദ്രന്റെ ധൂർത്ത് ചിലപ്പോൾ സമ്പന്നന് മിതവ്യയമായിരിക്കും. എത്ര സമ്പന്നനായാലും ജീവിതത്തിൽ മിതത്വം പാലിക്കുകയാണ് വിവേകം. നബി (സ) പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: من فقه الرّجل قصده في معيشته (ഒരാളുടെ കാര്യവിവരത്തിൽ പെട്ടതാണ് ജീവിതച്ചെലവിലുള്ള മിതത്വം). മറ്റൊരു നബിവചനത്തിൽ ഇങ്ങനെയും കാണാം: ما عال من اقتصد (മിതത്വം പാലിക്കുന്നവന് പരാധീനതയില്ല). അനസ്ബിൻ മാലിക് ഉദ്ധരിച്ച ഒരു നിവേദനത്തിൽ പ്രവാചകൻ പറയുന്നു: انّ من السرف ان تاكل كل ما اشتهيت (നീ കൊതിച്ചതൊക്കെയും തിന്നുക ധൂർത്താണ്). 'കൊതിക്കുന്നതൊക്കെയും വിലകൊടുത്തു വാങ്ങിത്തിന്നുക എന്നതുതന്നെ മതിയായ ധൂർത്താണ്' എന്ന് ഉമർ (റ) പ്രസ്താവിക്കുകയുണ്ടായി. ഈ സൂക്തത്തിൽ മിതത്വത്തെക്കുറിക്കാൻ ഉപയോഗിച്ച قوام എന്ന പദത്തിന്റെ

പൂർണമായ ആശയം പരിഗണിക്കുമ്പോൾ ചെലവിന്റെ മിതത്വം കണക്കാക്കാൻ സമ്പന്നത മാത്രം പരിഗണിച്ചാൽ പോരാ. അയാളുടെ ചുറ്റുപാടുമുള്ള സഹജീവികളുടെ ജീവിത നിലവാരവും കൂടി പരിഗണിക്കേണ്ടതുണ്ട്. ചുറ്റുപാടുമായി പൊരുത്തപ്പെടാത്ത ധനവ്യയം, അതു വിഹിതമായ സുഖസൗകര്യങ്ങൾക്കുവേണ്ടിയാണെങ്കിലും قوام ആകുന്നില്ല. പട്ടിണിപ്പാവങ്ങളുടെ കുടിലുകൾക്കു മധ്യേ മണിമേട തീർത്ത് അതിൽ വിശിഷ്ട ഭോജ്യങ്ങളുണ്ടു കഴിയുക. സഞ്ചരിക്കാൻ സൈക്കിൾ പോലും ഇല്ലാത്ത ആളുകളുടെ നടുവിൽ വീട്ടിലെ ഓരോ അംഗത്തിനും പ്രത്യേകം കാറുകൾ വാങ്ങുക തുടങ്ങിയ നടപടികൾ സാമ്പത്തിക സ്ഥിതികൊണ്ട് ധൂർത്തായില്ലെങ്കിലും ചുറ്റുപാടുകൊണ്ട് ധൂർത്താകുന്നു. 'അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ നമ്മിൽ പെട്ടവനല്ല' എന്ന നബിവചനം ഇവിടെ അനുസ്മരണീയമാകുന്നു. അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ അരവയറേ ഉണ്ണാവൂ എന്നു മാത്രമല്ല, ബാക്കി അരവയർ ഊൺ അയൽക്കാരന് കൊടുക്കണമെന്നു കൂടിയാണതിന്റെ താൽപര്യം. അതുപോലെ, ദാരിദ്ര്യത്തിന്റെ ചുറ്റുപാടിൽ പണക്കാർ സ്വീകരിക്കേണ്ട ജീവിത നിലവാരം അവരുടെ വർധിച്ച വരുമാനം മാത്രം പരിഗണിച്ചാവരുത്. ചുറ്റിലുമുള്ളവരുടെ ജീവിതാവസ്ഥ കൂടി കണക്കിലെടുത്തുകൊണ്ടാവണം. എളിയ ജീവിതനിലവാരം സ്വീകരിച്ച് ബാക്കിയുള്ളത് കെട്ടിപ്പൂട്ടിവെക്കണമെന്നല്ല. തങ്ങളുടെ സമ്പത്തിൽ പാവങ്ങൾക്ക് അവകാശമുണ്ടെന്നോർക്കണം. وَفِي أَمْوَالِهِمْ حَقٌّ لِّلسَّائِلِ وَالْمَحْرُومِ (അവരുടെ സമ്പത്തിൽ ആവശ്യക്കാർക്കും ഉപജീവനം മുട്ടിയവർക്കും അവകാശമുണ്ട്-51:19). പരമകാരുണികന്റെ ദാസന്മാരുടെ-ഇബാദുർറഹ്മാന്റെ-ദൃഷ്ടിയിൽ സമ്പത്തിന്റെ യഥാർഥ ഉടമ അല്ലാഹുവാണ്. അവൻ തങ്ങൾക്ക് വർധിച്ച സമ്പത്ത് കനിഞ്ഞരുളിയിരിക്കുന്നത് മിച്ചധനം ഫീ സബീലില്ലാഹിയിൽ-ധർമമാർഗത്തിൽ-ചെലവഴിക്കാനാണ്. ഫീ സബീലില്ലാഹിയുടെ പ്രഥമ വകുപ്പാകുന്നു പാവങ്ങൾക്ക് ഭക്ഷണം ഉറപ്പുവരുത്തുക. പാവങ്ങൾക്ക് ഭക്ഷണം സ്വയം കൊടുക്കാത്തവർ മാത്രമല്ല; മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കാത്തവർ പോലും ദീനിനെ തള്ളിപ്പറയുന്നവരാകുന്നു. أَرَأَيْتَ الَّذِي يُكَذِّبُ بِالدِّينِ ﴿١﴾ فَذَٰلِكَ الَّذِي يَدُعُّ الْيَتِيمَ ﴿٢﴾ وَلَا يَحُضُّ عَلَىٰ طَعَامِ الْمِسْكِينِ ﴿٣﴾

(ദീനിനെ തള്ളിപ്പറയുന്നവനെ നീ കണ്ടിട്ടുണ്ടോ? അനാഥരെ ആട്ടിയകറ്റുന്നവനും അഗതിയുടെ ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാണവൻ-107:1-3). ■

وَالَّذِينَ لَا يَدْعُونَ مَعَ اللَّهِ إِلَٰهًا آخَرَ وَلَا يَقْتُلُونَ النَّفْسَ الَّتِي حَرَّمَ اللَّهُ إِلَّا بِالْحَقِّ وَلَا يَزْنُونَ ۚ وَمَن يَفْعَلْ ذَٰلِكَ يَلْقَ أَثَامًا ﴿٦٨﴾

68. അല്ലാഹുവിന്റെ കൂടെ മറ്റൊരു ദൈവത്തോടും പ്രാർഥിക്കാത്തവരും അല്ലാഹു ആദരിച്ച ഒരു ജീവനും അന്യായമായി ഹനിക്കാത്തവരും വ്യഭിചാരത്തിലേർപ്പെടാത്തവരുമാണവർ. ഇത്തരം നടപടികളിലേർപ്പെടുന്നവരാരായാലും പാപഫലം അനുഭവിക്കുക തന്നെ ചെയ്യും.

**68**

وَالَّذِينَ لَا يَدْعُونَ = പ്രാർഥിക്കാത്തവരും
مَعَ اللَّهِ = അല്ലാഹുവിന്റെ കൂടെ
إِلَٰهًا آخَرَ = മറ്റൊരു ദൈവത്തെയും
وَلَا يَقْتُلُونَ النَّفْسَ الَّتِي حَرَّمَ اللَّهُ = അല്ലാഹു ആദരിച്ച, ഹറാമാക്കിയ ഒരു ജീവനും ഹനിക്കാത്തവരും
إِلَّا بِالْحَقِّ = ബാധ്യതകൊണ്ടല്ലാതെ (അന്യായമായി)
وَلَا يَزْنُونَ = വ്യഭിചാരത്തിലേർപ്പെടാത്തവരും ആണവർ
وَمَن يَفْعَلْ ذَٰلِكَ = അതു ചെയ്യുന്നവൻ (അത്തരം നടപടികളിലേർപ്പെടുന്നവരാരായാലും)
يَلْقَ أَثَامًا = പാപഫലത്തെ കണ്ടുമുട്ടും (അനുഭവിക്കുക തന്നെ ചെയ്യും)

ഇബാദുർറഹ്മാന്റെ മുഖ്യ ഗുണങ്ങളിൽ മൂന്നെണ്ണം ഒന്നിച്ചു പരാമർശിച്ചിരിക്കുകയാണീ സൂക്തത്തിൽ. ഒന്ന് അവർ അല്ലാഹുവിൽ പൂർണ വിശ്വാസമർപ്പിച്ചവരാണ്. ആവശ്യങ്ങളും ആവലാതികളും അവന്റെ മുന്നിൽ മാത്രമാണവർ സമർപ്പിക്കുക. അവനല്ലാത്ത ആരോടും പ്രാർഥിക്കുകയില്ല. لَا يَدْعُونَ-ക്ക് അവർ പ്രാർഥിക്കുന്നില്ലെന്നും അവർ ആരാധിക്കുകയില്ലെന്നും അർഥമാവാം. പ്രാർഥന ആരാധന തന്നെയാണ്. ഇവിടെ ഉചിതമായ അർഥം പ്രാർഥനയാണ്. അല്ലാഹുവല്ലാത്ത എല്ലാവർക്കും ആരാധന നിഷേധിക്കുക അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റെ അനിവാര്യ താൽപര്യമാണല്ലോ. എന്നാൽ ചില വിശ്വാസികൾ ഈ യാഥാർഥ്യം അതർഹിക്കുന്ന ഗൗരവത്തോടെ ഉൾക്കൊള്ളണമെന്നില്ല. അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും ചെയ്യുമ്പോഴും പ്രാർഥന മറ്റു ചിലർക്കു കൂടി അർപ്പിക്കുന്നതിൽ കുഴപ്പമില്ല എന്നാണവരുടെ നിലപാട്. അല്ലാഹു അവന്റെ ഇഷ്ടദാസന്മാർക്ക് (ഔലിയാക്കൾക്ക്) ചില കഴിവുകളും സിദ്ധികളും നൽകിയിട്ടുണ്ട്. അവർക്ക് സാധാരണക്കാരുടെ പ്രാർഥനകൾ കേൾക്കാനും ഉത്തരം നൽകാനും കഴിയും. അത്തരക്കാരോട് പ്രാർഥിക്കുന്നതിന് പ്രാർഥന (ദുആ) എന്നോ ഇബാദത്ത് (ആരാധന) എന്നോ പറയാറില്ല. സഹായാർഥന (ഇസ്തിഗാസ), മാധ്യസ്ഥതേട്ടം (തവസ്സുൽ) എന്നൊക്കെയാണ് പറയാറു

ളളത്. ഈ തവസ്സുലും ഇസ്തിഗാസയും കാലക്രമത്തിൽ അവരുടെ ഖബ്റിടങ്ങളിലേക്കും റൂഹുകളിലേക്കും പിന്നെ അവരുടെ വിഗ്രഹങ്ങളിലേക്കും അവരുടേതല്ലാത്ത വിഗ്രഹങ്ങളിലേക്കുമൊക്കെ വളരുകയും പ്രാർഥനകൾ പലതരം ആരാധനാനുഷ്ഠാനങ്ങളായി വികസിക്കുകയും ചെയ്യുന്നു. അങ്ങനെ സമൂഹം ബഹുദൈവവിശ്വാസത്തി(ശിർക്കി)ന്റെ പിടിയിലമരുന്നു. അറബികൾ അടിസ്ഥാനപരമായി ഇബ്റാഹീം (അ) പ്രബോധനം ചെയ്ത ഏകദൈവ വിശ്വാസത്തിന്റെ വക്താക്കളായിരുന്നു. ആ വിശ്വാസം ക്ഷയിക്കുകയും നിഷ്ക്രിയമാവുകയും ചെയ്തപ്പോൾ പുണ്യാത്മാക്കളോട് പ്രാർഥിക്കാൻ തുടങ്ങി. പിന്നെ ആ പുണ്യാത്മാക്കളുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. കാലക്രമത്തിൽ പുണ്യാത്മാക്കളുടെ വിഗ്രഹങ്ങൾക്കുള്ള ആരാധന, കൗതുകം തോന്നുന്ന എല്ലാ കല്ലുകളിലേക്കും വ്യാപിച്ചു.

ഇന്ന് മുസ്‌ലിം സമുദായത്തിലും ധാരാളമാളുകൾ പുണ്യാത്മക്കളോടും അവരുടെ ഖബ്റുകളോടുമൊക്കെ പ്രാർഥിക്കുന്നുണ്ട്. എന്നാൽ ഇബാദുർറഹ്മാൻ-പരമകാരുണികനായ ദൈവത്തിന്റെ യഥാർഥ ദാസന്മാർ-അവനോടല്ലാതെ മറ്റാരോടും പ്രാർഥിക്കുകയില്ല. അവർ അല്ലാഹു ആദരിച്ച ഒരു ജീവനും അന്യായമായി ഹനിക്കുകയില്ല. ജീവൻ ലഭിക്കുക എന്നതുതന്നെ അല്ലാഹു നൽകിയ ഒരാദരവായി പരിഗണിച്ചാൽ ഏതു ജീവിയെയും അന്യായമായി ഹിംസിക്കുന്നത് ഇബാദുർറഹ്മാന് ഭൂഷണല്ല. സൃഷ്ടികളിലേറ്റം ശ്രേഷ്ഠനായ മനുഷ്യനെ കൊല്ലുന്നത് കൊടിയ പാപമാണ്. ന്യായമായ കാരണത്താൽ മനുഷ്യനടക്കമുള്ള ഏതു ജീവിയെയും ഹനിക്കാം. ഭക്ഷ്യയോഗ്യമായ ജീവികളെ ഭക്ഷണത്തിനു വേണ്ടി കൊല്ലാം. മനുഷ്യ ജീവന് ഭീഷണിയായിത്തീരുക ഹിംസ്ര ജന്തുക്കളെ കൊല്ലാനുള്ള ന്യായമായ കാരണമാണ്. പട്ടിയും പാമ്പുമൊക്കെ അനിയന്ത്രിതമായി പെരുകി മനുഷ്യജീവന് മഹാഭീഷണിയുയർത്തിയാലും ഒന്നിനെയും കൊല്ലാൻ പാടില്ല എന്നു ശഠിക്കുന്നത് മനുഷ്യവിരുദ്ധമായ ജന്തുസ്നേഹമാണ്. മനുഷ്യനെ കൊല്ലാൻ ന്യായമായ രണ്ടു കാരണങ്ങളേയുള്ളൂ. ഒന്ന്, നിരപരാധിയായ ഒരാളെ മനഃപൂർവം കൊല്ലുക. രണ്ട്, നാട്ടിൽ കലാപവും വിധ്വംസനവും നടത്തുക.

النَّفْسَ الَّتِي حَرَّمَ اللَّهُ -അല്ലാഹു ആദരിച്ച ജീവന്റെ വിവക്ഷിതം മനുഷ്യൻ മാത്രമാണെന്ന് വ്യാഖ്യാനമുണ്ട്. وَلَقَدْ كَرَّمْنَا بَنِي آدَمَ (തീർച്ചയായും നാം ആദം സന്തതികളെ ആദരിച്ചിരിക്കുന്നു) എന്ന് 17:70-ൽ പ്രസ്താവിച്ചിരിക്കുന്നു. മറ്റു ജീവികളെയൊന്നും ആദരിച്ചതായി പരാമർശമില്ല. കൂടാതെ മനുഷ്യനെ മാത്രം ഉദ്ദേശിച്ചുകൊണ്ട് ഖുർആൻ പലയിടത്തും نَفْس എന്നു പറഞ്ഞിട്ടുണ്ട്. ഉദാ: وَإِذْ قَتَلْتُمْ نَفْسًا (നിങ്ങൾ ഒരു മനുഷ്യനെ വധിച്ചപ്പോൾ-2:72). مَنْ قَتَلَ نَفْسًا بِغَيْرِ نَفْسٍ (മറ്റൊരു മനുഷ്യനെ വധിച്ചതിന്റെ പേരിലല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ-5:32). وَلَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا (ഒരു മനുഷ്യനോടും അയാളുടെ കഴിവിൽ കവിഞ്ഞതു കൽപ്പിക്കുന്നതല്ല-23:62). സൂക്തത്തിലെ പദങ്ങൾ രണ്ട് വീക്ഷണത്തെയും സാധൂകരിക്കുന്നുണ്ട്. കൂടുതൽ വിശാലമായത് ഒന്നാമത്തെ വ്യാഖ്യാനമാണ്. النَّفْسَ الَّتِي حَرَّمَ اللَّهُ എന്ന വാക്യത്തിന്, അല്ലാഹു വധം ഹറാം (നിഷിദ്ധം) ആക്കിയ ജീവി എന്ന് ചിലർ അർഥം കൽപ്പിച്ചിരിക്കുന്നു. അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ളത് മനുഷ്യഹത്യയാണ്. സദാചാരനിഷ്ഠയും ഇബാദുർറഹ്മാന്റെ മുഖ്യഗുണങ്ങളിലൊന്നാകുന്നു. അല്ലാഹുവിനോടുള്ള ഭക്തിയും വിധേയത്വവും പരസ്ത്രീകളെയും പരപുരുഷന്മാരെയും മോഹിക്കുന്നതിൽനിന്നും വേശ്യകളെയും ജാരന്മാരെയും പ്രാപിക്കുന്നതിൽനിന്നും അവരെ തടയുന്നു.

ഈ സൂക്തം പറയുന്ന മൂന്ന് വിലക്കുകളിൽ ഒന്നാമത്തേത് വ്യക്തിക്ക് അവന്റെ സ്രഷ്ടാവിനോടുള്ള കടമയുടെ ലംഘനവും രണ്ടാമത്തേത് മാനവിക ബാധ്യതയുടെ ലംഘനവും മൂന്നാമത്തേത് മാനുഷികമായ അന്തസ്സിന്റെയും അഭിമാനത്തിന്റെയും സാംസ്കാരിക വ്യവസ്ഥയുടെയും അടിത്തറയായ സദാചാരത്തിന്റെ ലംഘനവുമാകുന്നു. അതിനാൽ ഇതിൽ ഏതു പാപം ചെയ്യുന്നവനും അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരും. اثم (പാപം) ന്റെ മറ്റൊരു രൂപമാണ് أثام . പാപഫലത്തെയും കുറ്റകൃത്യം മൂലം വന്നുചേർന്ന ബാധ്യതയെയും ഉദ്ദേശിച്ചാണ് ഇതു പയോഗിക്കാറുള്ളത്. ഭൗതിക ജീവിതത്തിൽ തന്നെ ഈ പാപഫലങ്ങൾ അനുഭവിച്ചുതുടങ്ങുന്നു. പക്ഷേ മനുഷ്യർ പലപ്പോഴും അതു മനസ്സിലാക്കുന്നില്ല. ബഹുദൈവവിശ്വാസം സൃഷ്ടിക്കുന്ന ദോഷങ്ങളെ ചിലപ്പോൾ ബഹുദൈവങ്ങളുടെ കോപമായിട്ടായിരിക്കും അവൻ വ്യാഖ്യാനിക്കുക. കൊലപാതകത്തിന്റെ ദോഷഫലം എല്ലാവർക്കും വ്യക്തമാണ്. അവിഹിത വേഴ്ച സാമൂഹിക വ്യവസ്ഥയെ ദുഷിപ്പിക്കുന്നതിനു പുറമേ വ്യക്തികളുടെ ആരോഗ്യത്തെയും മാരകമായി ബാധിക്കുന്നുവെന്നും സ്പഷ്ടമാകുന്നു. ■

يُضَاعَفْ لَهُ الْعَذَابُ يَوْمَ الْقِيَامَةِ وَيَخْلُدْ فِيهِ مُهَانًا ﴿٦٩﴾

69. ഉയിർത്തെഴുന്നേൽപ്പു നാളിൽ അവന്ന് കൊടിയ ശിക്ഷ ലഭിക്കുന്നതാകുന്നു. അവൻ എന്നെന്നും അതിൽ തന്നെ നികൃഷ്ടനായി വസിക്കുന്നതുമാകുന്നു.

**69**

يُضَاعَفْ لَهُ الْعَذَابُ = അവന് ശിക്ഷ ഇരട്ടിപ്പിക്കും (കൊടിയ ശിക്ഷ ലഭിക്കുന്നതാകുന്നു)

يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ    وَيَخْلُدْ فِيهِ = അവരതിൽ എന്നെന്നും വസിക്കുന്നതുമാകുന്നു

مُهَانًا = നിന്ദിത(നികൃഷ്ട)നായിട്ട്

ഇത്തരം പാപകൃത്യങ്ങളാചരിക്കുന്നവർ പരലോകത്ത് നേരിടേണ്ടിവരുന്നത് ഈ ലോകത്തുണ്ടായ ദോഷങ്ങളേക്കാൾ എത്രയോ കഠിനതരമായ നരക പീഡനമായിരിക്കും. ഇരട്ടിക്കുക, വർധിക്കുക, ഈട്ടം കൂടുക, കാലക്രമത്തിൽ പെരുകിവരുക തുടങ്ങിയ ആശയങ്ങളിലുപയോഗിക്കുന്ന مضاعفة -ൽനിന്നുള്ള ക്രിയയാണ് يُضَاعَفْ. ഈ സന്ദർഭത്തിൽ ഈ പദത്തിന് ഇരട്ടി എന്ന അർഥമാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. കുഫ്റിന്റെ ശിക്ഷയും അത്രതന്നെ പാപകർമത്തിന്റെ ശിക്ഷയും എന്ന് വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. വർധിച്ച ശിക്ഷ, കഠിനശിക്ഷ തുടങ്ങിയ അർഥങ്ങളും സാധുവാകും. ആ ശിക്ഷ അവർ നിന്ദിതരും നികൃഷ്ടരുമായി കാലാകാലം അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യും. കുറേകാലം കഴിയുമ്പോൾ നരകമുക്തരാകുമെന്നോ ക്രമേണ ശിക്ഷ ലഘൂകരിക്കപ്പെടുമെന്നോ പ്രതീക്ഷിക്കേണ്ട എന്നർഥം.

ഈ സൂക്തങ്ങളിൽ സൂചിപ്പിച്ച ദുർനടപടികൾ-അഹന്തയും ധാർഷ്ട്യവും നിറഞ്ഞ പെരുമാറ്റം, സത്യധർമങ്ങളോടുള്ള അന്ധമായ വിരോധം, രാത്രികാലങ്ങളിലെ അനാവശ്യമായ വെടിവട്ടവും മദിരോത്സവവും പരസ്ത്രീഗമനവും, പൊങ്ങച്ചത്തിനു വേണ്ടിയുള്ള ധൂർത്ത്, ധർമകാര്യങ്ങളിൽ ചെലവഴിക്കാനുള്ള വൈമുഖ്യം, ബഹുദൈവാരാധന, അന്യായമായ കൊലകൾ തുടങ്ങിയവയെല്ലാം പ്രവാചകന്റെ ആഗമനകാലത്ത് അറബികളിൽ സാധാരണമായിരുന്നു. അതിന്ന് തികച്ചും വിരുദ്ധവും വിശിഷ്ടവുമായ നവസംസ്കാരമാണ് ഇബാദുർറഹ്മാൻ വളർത്തിക്കൊണ്ടുവരുന്നതെന്നും നിലവിലുള്ളത് ജീർണസംസ്കാരമാണെന്നും സാമാന്യ ബുദ്ധിയുള്ളവർക്ക് എളുപ്പം മനസ്സിലാകുംവണ്ണം വിശദീകരിച്ചിരിക്കുകയാണ്. ■